പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2362 07.02.2019 ലെ മറുപടിക്ക്

**കയർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. എം. നൗഷാദ്<br>ശ്രീ.കെ.ജെ. മാക്സി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ)മുൻ സർക്കാരിന്റെ കാലത്ത് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാനുണ്ടായിരുന്ന കടിശ്ശിക ഈ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) നൽകിയിട്ടുണ്ട്. മാച്ചിംഗ് ഗ്രാൻറിനത്തിൽ 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിലെ 7.77 കോടി രൂപയും 36200 കയർ തൊഴിലാളികൾക്ക് 1/10/1997 മുതൽ 31/3/2016 വരെയുള്ള കാലയളവിലെ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി 19.96 കോടി രൂപയും ഈ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) മുൻ സർക്കാരിന്റെ കാലത്ത് തീർപ്പാക്കാത്ത പെൻഷൻ അപേക്ഷകൾ തീർപ്പാക്കി പെൻഷൻ അനുവദിച്ച്നൽകാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) മുൻ സർക്കാരിന്റെ കാലത്ത് തീർപ്പാക്കാത്ത പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ച് അപേക്ഷകളിൻമേൽ നടപടി പൂർത്തീകരിച്ച് വിതരണം ചെയ്തു. ഇപ്രകാരം 4530 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| സി) ഈ സർക്കാർ കയർ തൊഴിലാളികളുടെ ഏതെല്ലാം ആനുകൂല്യങ്ങളുടെ തുകയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) പെൻഷൻ തുക 600/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചു ഇത് 100 രൂപ വീതം വർദ്ധിപ്പിക്കുമെന്ന് 2019-20 -ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്.<br>2) കുടുംബ പെൻഷൻ തുക 100/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചു.<br>3) പ്രസവ ധനസഹായ തുക 1000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചു. |

സെക്ഷൻ ഓഫീസർ